## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6516** | **03.04.2018-ൽ മറുപടിക്ക്**

## അൺഎയ്ഡഡ് സ്കൂളുകളിൽ നടക്കുന്ന തൊഴിൽ നിയമലംഘനങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എം. വിൻസെന്റ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ നടക്കുന്ന തൊഴിൽ നിയമലംഘനങ്ങൾക്കും തൊഴിലാളി വിരുദ്ധ നടപടികൾക്കുമെതിരെ തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കാറുണ്ടോ; വിശദാംശം നൽകുമോ; | (എ) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തുകയും അനദ്ധ്യാപക ജീവനക്കാർക്ക് തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. 2017-ൽ 83 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 19 പ്രോസിക്യൂഷനും 9 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും മിനിമം വേതനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (ബി) അൺ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പാക്കിയിട്ടില്ല. സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ മിനിമം വേതനം സംബന്ധിച്ച് സർക്കാരിന്റെ 12/09/2011 ലെ ജി.ഒ(പി) നമ്പർ 155/2011/തൊഴിൽ നമ്പർ വിജ്ഞാപനമാണ് നിലവിലുള്ളത്. ആയത് പുതുക്കി നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) മുൻ സർക്കാരിന്റെ കാലത്ത് ദി കേരള പേമെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺഎയ്ഡഡ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബിൽ 2014 എന്ന പേരിൽ ഒരു ബിൽ തയ്യാറാക്കിയിരുന്നോ എന്നറിയിക്കാമോ ? | (സി) തയ്യാറാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ.